## <u>ഇൻസെന്റീവ് ടു എസ്.സി/എസ്.റ്റി ഗേൾസ്</u>

പൊതുനിർദ്ദേശങ്ങൾ

- ഇൻസെന്റീവ് ടു ഗേൾസ് സ്കോളർഷിപ്പിന്റെ വിവര ശേഖരണം 'സമ്പൂർണ' യുമായി ബന്ധപ്പെടുത്തിയതാണ്. സ്കോളർഷിപ്പിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിന് മുമ്പ് 'സമ്പൂർണ' യിൽ മുഴുവൻ വിവരങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

- വെബ്സൈറ്റിൽ പ്രവേശിച്ച ശേഷം ലോഗിൻ ചെയ്യുന്നതിന് സമ്പൂർണയിലെ user name ഉം password ഉം ഉപയോഗിക്കാവുന്നതാണ്.

- ലോഗിൻ ചെയ്തു കഴിയുമ്പോൾ ലഭിക്കുന്ന window യിൽ താഴെപ്പറയും വിധം മെനുകൾ ഉണ്ടായിരിക്കും.

    - Home
    - School NSP Details
    - Eligible Students
    - Reports

- Home Menu വിൽ സ്കൂളുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കും

- School NSP details എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് UDise code, Block/Mandal/Taluk എന്നിവ നിർബന്ധമായും രേഖപ്പെടുത്തണം.

- സ്കോളർഷിപ്പിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിനായി sync student എന്ന എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.

- Eligible student എന്ന മെനുവിൽ ക്ലിക്ക് ചെയ്യുമ്പോൾ അർഹരായവരുടെ ലിസ്റ്റ് കാണുവാൻ സാധിക്കും.

- Eligible student ന്റെ ലിസ്റ്റ് പരിശോധിച്ച് അർഹരായ വിദ്യാർത്ഥിനികളാണോ ഉൾപ്പെട്ടിട്ടുള്ളത് എന്നും അവരുടെ അഡ്മിഷൻ നമ്പർ ക്ലിക്ക് ചെയ്ത് ബാങ്ക്, ബ്രാഞ്ച് നെയിം, അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി, യു.ഐ.ഡി, ബ്ലോക്ക്/മണ്ഡലം/താലൂക്ക് തുടങ്ങിയ മുഴുവൻ വിവരങ്ങളും ശരിയായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

- വിദ്യാർത്ഥിനിയുടെ ബാങ്ക് അക്കൗണ്ട് ആധാറുമായി ലിങ്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

- അർഹതയില്ലാത്ത വിദ്യാർത്ഥിനികളുടെ വിവരങ്ങൾ Eligible list ൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

- വിദ്യാർത്ഥിനി എ.പി.എൽ/ബി.പി.എൽ വിഭാഗത്തിൽപ്പെട്ടതാണെന്ന് രേഖപ്പെടുത്തുകയും ഏതെങ്കിലും ഒരു വിദ്യാർത്ഥിനിയുടെ വിവരങ്ങളിൽ മാറ്റം വരുത്തുകയോ പുതുതായി കൂട്ടിച്ചേർക്കുകയോ വേണമെങ്കിൽ സമ്പൂർണ സോഫ്റ്റ്വെയറിൽ പ്രവേശിച്ച് മാറ്റങ്ങൾ വരുത്തി sync student ബട്ടൺ ഒന്നുകൂടി ക്ലിക്ക് ചെയ്യേണ്ടതാണ്.

- സ്കോളർഷിപ്പ് അർഹരായവരുടെ വിവരങ്ങൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖേന ഓൺലൈൻ വഴിയാണ് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന് നൽകേണ്ടത്. ആയതിനാൽ Eligible students പേജിൽ കാണുന്ന മുഴുവൻ കോളങ്ങളിലേയും വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

- Print Menu വിൽ നിന്ന് Print എടുത്ത് പരിശോധിക്കുകയും അർഹരായ മുഴുവൻ കുട്ടികളും ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുകയും Print out പരിശോധനയ്ക്കായി സ്കൂളിൽ സൂക്ഷിച്ചുവയ്ക്കേണ്ടതുമാണ്.